**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3129** **25-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവജനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവജനങ്ങളുടെ എണ്ണം ഏകദേശം എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ യുവജനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് തൊഴിൽ രഹിതരായ എത്ര യുവജനങ്ങളുണ്ടായിരുന്നു; ഇവരിൽ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 ഏപ്രിൽ വരെ പി.എസ്.സി മുഖേന ആകെ 86031 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ ജോബ് ഫെസ്റ്റിന്റെ ഭാഗമായി 2247 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ പോയ യുവജനങ്ങളുടെ കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ പോയ യുവജനങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ